# ഹോമിയോപ്പതി ഡയറക്ടറുടെ നടപടിക്രമങ്ങൾ, തിരുവനന്തപുരം

വിഷയം:- ഹോമിയോപ്പതി വകുപ്പ്-ശബരിമല മണ്ഡലപൂജ/മകരവിളക്ക് മഹോത്സവം - പമ്പ താൽക്കാലിക ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറെ മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 20.12.2011 ലെ ഈ ഓഫീസിലെ ഹോമിയോപ്പതി ഡയറക്ടറുടെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം. പി 3/9078/2011/ഡി.എച്ച് തിരുവനന്തപുരം**
**തീയതി 30.12.2011.**

ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം 2011-2012 നോടനുബന്ധിച്ച് സന്നിധാനം പമ്പ എന്നിവിടങ്ങളിൽ താൽക്കാലിക ഡിസ്പെൻസറിയുടെ ആറാം ഘട്ടം രാവിലെ 9 മണി മുതൽ 11.1.2012 രാവിലെ 9 മണി വരെ പ്രവർത്തിക്കുന്നു. സൂചനയിലെ ഉത്തരവ് പ്രകാരം പമ്പ താൽക്കാലിക ഡിസ്പെൻസറിയിലെ ചാർജ്ജ് ഓഫീസറായി ഡോ. രാധാകൃഷ്ണൻ.പി.ആർ നെ, മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, നെടുമ്പ്രം, ആലപ്പുഴ, നിയമിച്ചിരുന്നു. തനിക്ക് ടി തീയതികളിൽ പമ്പ താൽക്കാലിക ഡിസ്പെൻസറിയിൽ ഡ്യൂട്ടിയ്ക്ക് പോകുവാൻ സാധിക്കാത്ത മതിയായ സാഹചര്യം ഉണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ച സാഹചര്യത്തിൽ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു. പമ്പ താൽക്കാലിക ഡിസ്പെൻസറിയുടെ ആറാം ഘട്ട ഡ്യൂട്ടിയ്ക്കായി 1.1.2012 രാവിലെ 9 മണി മുതൽ 11.1.2012 രാവിലെ 9 മണിവരെ ചാർജ്ജ് ഓഫീസറായ ഡോ. രാധാകൃഷ്ണൻ.പി.ആർ ന് പകരം ഡോ. എം.ആർ.ശിവദാസിനെ , റസിഡൻഷ്യൽ മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം നിയമിച്ച് ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥൻ പമ്പ താൽക്കാലിക ഡിസ്പെൻസറിയിലെ ആറാം ഘട്ട ഡ്യൂട്ടിയിലെ ചാർജ്ജ് ഓഫീസർ ആയിരിക്കും. സൂചന ഉത്തരവിലെ എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

അംഗീകാരത്തോടെ

(ഒപ്പ്)

സീനിയർ സൂപ്രണ്ട്

ഒപ്പ്

**ഡോ.കെ.ജമുന**
**ഡയറക്ടർ**

പകർപ്പ്: 1) ബന്ധപ്പെട്ട വ്യക്തികൾക്ക്. 2) സ്ഥാപനമേധാവികൾക്ക്.
3) ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട/ ആലപ്പുഴ/എറണാകുളം.
4) ജി.എച്ച്.ഡി. സന്നിധാനം/പമ്പ. 5) ശബരിമല സുരക്ഷാ ഉദ്യോഗസ്ഥൻ.
6) ദേവസ്വം ബോർഡ് സെക്രട്ടറി.